**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 811 — 30.10.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി ഉപപദ്ധതി

| | **ചോദ്യം**<br>**ശ്രീ. അബ്ദുൽ ഹമീദ് പി** | | **ഉത്തരം**<br>**എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനു വേണ്ടി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പട്ടികജാതി ഉപപദ്ധതി തയ്യാറാക്കണമെന്ന് വ്യവസ്ഥയുണ്ടോ; | (എ) | ഉണ്ട് |
| (ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി ഉപപദ്ധതി വിഹിതം പാഴാക്കുകയോ വകമാറ്റി ചെലവഴിക്കുകയോ ചെയ്യുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നതിനും മോണിട്ടർ ചെയ്യുന്നതിനും പട്ടികജാതി വികസന വകുപ്പിന് സ്വന്തമായ സംവിധാനങ്ങൾ നിലവിലുണ്ടോ; | (ബി) | ബ്ലോക്ക്/നഗരസഭാ/കോർപ്പറേഷൻ/ജില്ലാതലത്തിലുള്ള പട്ടികജാതി വികസന ഓഫീസർമാർ ആണ് പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകൾ പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതിയ്ക്ക് ശുപാർശ ചെയ്യുന്നത് |
| (സി) | പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക വികസനം ,സാമ്പത്തിക വികസനം, പശ്ചാത്തല സൗകര്യ വികസനം എന്നിവ സാധ്യമാവുന്ന തരത്തിൽ പദ്ധതി വിഹിതം ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (സി) | വ്യക്തമായ മാർഗ്ഗരേഖകൾ ഇക്കാര്യത്തിൽ തദ്ദേശ ഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**